## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 3980 21/10/2016 ൽ മറുപടി നൽകേണ്ടിയിരുന്നത്.

## തിരുവനന്തപുരം നഗരത്തിലെ പാർക്കിംഗ് സൗകര്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. കെ. ഇബ്രാഹിം കുഞ്ഞ് | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | തിരുവനന്തപുരം നഗരത്തിൽ ഏതൊക്കെ റോഡുകളാണ് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തി മാതൃകാ റോഡുകളാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | എ) തിരുവനന്തപുരം നഗരത്തിൽ ഈസ്റ്റ്ഫോർട്ട് മുതൽ കേശവദാസപുരം വരെയുള്ള റോഡിലാണ് നിലവിൽ പേ ആന്റ് പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. |
| ബി) | പാർക്കിംഗ് ഫീസിനത്തിൽ സെപ്റ്റംബർ മുപ്പത് വരെ എത്ര തുക പിരിഞ്ഞ് കിട്ടിയിട്ടുണ്ട്; ഓരോ തരം വാഹനങ്ങളുടെ പാർക്കിംഗ് ഫീസും അനുവദിക്കപ്പെട്ട സമയവും വിശദമാക്കുമോ; | ബി) 2016 സെപ്റ്റംബർ 20 വരെ പാർക്കിംഗ് ഫീസിനത്തിൽ14,95,527/- രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. ടു വീലറുകൾക്ക് 2/- രൂപയും, ത്രീ വീലറുകൾക്ക് 5/- രൂപയും, ഫോർ വീലറുകൾക്ക് 10/- രൂപയുമാണ് നിലവിൽ ഫീസ്. പാർക്കിംഗിന് അനുവദിക്കപ്പെട്ട സമയം ഒരു മണിക്കൂർ ആണ്. |
| സി) | ഏതൊക്കെ വാഹനങ്ങളെയാണ് പാർക്കിംഗ് ഫീസ് നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്; | സി) സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ വാഹനങ്ങൾക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്. |
| ഡി) | സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ വാഹനങ്ങൾക്ക് ഇളവ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പാർക്ക് ചെയ്യുന്നതിൽ ഏറെയും ഇത്തരം വാഹനങ്ങളാകുമ്പോൾ വരുമാനത്തിൽ ഉണ്ടാകുന്ന ഭീമമായ നഷ്ടം നികത്തുന്നത് ഏത് വിധത്തിലാണെന്ന് വ്യക്തമാക്കുമോ? | ഡി) ഉണ്ട്. പാർക്ക് ചെയ്യുന്നതിൽ കൂടുതലും സ്വകാര്യ വാഹനങ്ങളാണ്. മാത്രമല്ല സിറ്റിയിലെ ബഹുഭൂരിപക്ഷം സർക്കാർ സ്ഥാപനങ്ങൾക്കും വിപുലമായ പാർക്കിംഗ് സംവിധാനം നിലവിലുണ്ട്. ആയതിനാൽ ഇത്തരത്തിൽ നഷ്ടം വരുവാനുള്ള സാഹചര്യം നിലവിൽ ഇല്ല. |

സെക്ഷൻ ഓഫീസർ